15 -ാം കേരള നിയമസഭ

10 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3248 | 15-02-2024 - ൽ മറുപടിയ്ക്ക്

കടുത്തുരുത്തി വടക്കംകൂർ ബൈപ്പാസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നിർദ്ദിഷ്ട കടുത്തുരുത്തി വടക്കംകൂർ ബൈപ്പാസിന്റെ അലൈൻമെന്റ് പുതുക്കി ഉത്തരവിറക്കുന്നത് സംബന്ധിച്ച് 05.09.2023 ൽ ചീഫ് എഞ്ചിനീയർക്ക് നൽകിയിരുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | വടക്കുംകൂർ ബൈപ്പാസിന്റെ അലൈൻമെന്റ് പുതുക്കി പുതിയ അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള പ്രവൃത്തിക്ക് ചീഫ് എഞ്ചിനീയർ നിരത്ത് വിഭാഗം ഭരണാനുമതി നൽകിയിട്ടുള്ളതും ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. എഗ്രിമെന്റ് വക്കുന്ന മുറക്ക് പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി അനുമതിക്ക് നൽകുന്നതാണ്. |
| (ബി) | കടുത്തുരുത്തി ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ആവിഷ്കരിച്ച വടക്കംകൂർ ബൈപ്പാസ് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (ബി) | വടക്കുംകൂർ ബൈപ്പാസിന്റെ അലൈൻമെന്റ് പുതുക്കി പുതിയ അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള പ്രവൃത്തിക്ക് ചീഫ് എഞ്ചിനീയർ നിരത്ത് വിഭാഗം ഭരണാനുമതി നൽകിയിട്ടുള്ളതും ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. എഗ്രിമെന്റ് വക്കുന്ന മുറക്ക് പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി അനുമതിക്ക് നൽകുന്നതാണ്. |
| (സി) | കടുത്തുരുത്തി വടക്കംകൂർ ബൈപ്പാസിന്റെ അലൈൻമെന്റ് പുതുക്കി ഉത്തരവിറക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | വടക്കുംകൂർ ബൈപ്പാസിന്റെ അലൈൻമെന്റ് പുതുക്കി പുതിയ അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള പ്രവൃത്തിക്ക് ചീഫ് എഞ്ചിനീയർ നിരത്ത് വിഭാഗം ഭരണാനുമതി നൽകിയിട്ടുള്ളതും ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. എഗ്രിമെന്റ് വക്കുന്ന മുറക്ക് പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി അനുമതിക്ക് നൽകുന്നതാണ്. |
| (ഡി) | കടുത്തുരുത്തി വടക്കുംകൂർ ബൈപ്പാസിനുവേണ്ടി സർക്കാർ ഉത്തരവ് പ്രകാരം 2008-2009 കാലഘട്ടത്തിൽ ഏഴ് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതും ഇപ്പോഴും വിനിയോഗിക്കാവുന്ന വിധത്തിൽ നിലനിൽക്കുന്നതുമായ തുക പുതിയ അലൈൻമെന്റ് പ്രകാരമുള്ള പ്രവർത്തിക്ക് വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | കടുത്തുരുത്തി വടക്കുംകൂർ ബൈപ്പാസിന് 830 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 34.3 ലക്ഷം രൂപയുടെ പ്രവൃത്തി Part TS നൽകി ക്രമീകരിച്ചിരുന്നു. നിലവിൽ 2009 ൽ ഭരണാനുമതി നൽകിയ ശേഷം നിരവധി തവണ ഷെഡ്യൂൾ നിരക്ക് വ്യത്യാസം വരുകയും സ്ഥലത്തിന്റെ വിലയിൽ ഗണ്യമായ മാറ്റം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ആയവ കൂടി കണക്കിലെടുത്ത് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | പുതിയ അലൈൻമെന്റ് പ്രകാരം കടുത്തുരുത്തി വടക്കുംകൂർ ബൈപ്പാസ് പദ്ധതി കടുത്തുരുത്തി ടൗൺ കണക്റ്റിംഗ് റോഡ് വികസന പദ്ധതി എന്ന് മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ഇ) | പിറവം കടുത്തുരുത്തി റോഡിൽ അലരി ജംഗ്ഷനിൽ നിന്ന് ആരംഭിച്ച് കടുത്തുരുത്തി ടൗൺ ഒഴിവാക്കി ഏറ്റുമാനൂർ എറണാകുളം റോഡിൽ മുട്ടുചിറ ജംഗ്ഷനോട് ചേർന്ന് വരുന്ന രീതിയിലായിരുന്നു വടക്കുംകൂർ ബൈപ്പാസ് വിഭാവനം ചെയ്തിരുന്നത്. നിലവിൽ കടുത്തുരുത്തി ടൗൺ കണക്ടിംഗ് റോഡ് വികസന പദ്ധതി എന്ന രീതിയിൽ ബഹു.കടുത്തുരുത്തി എംഎൽഎ CMT Meeting ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ